**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 816** **5.06.2018 -ൽ മറുപടിയ്ക്ക്**

## ചെത്തിപ്പുഴ കടവ് ടൂറിസം വികസന പദ്ധതി

ചോദ്യം

ശ്രീ.സി.എഫ്.തോമസ് :

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചങ്ങനാശ്ശേരി ചെത്തിപ്പുഴ കടവ് ടൂറിസം വികസന പദ്ധതിയ്ക്കായി എത്ര തുകയാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | എ) | ഈ പദ്ധതിക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിപ്രകാരം എന്തൊക്കെ ജോലികൾ ചെയ്യാനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ; | ബി) | പവലിയൻ, ഏഡ്കോർട്ട് (2 എണ്ണം) ഫ്ളോട്ടിംഗ് ജെട്ടി, ബോട്ട് ജെട്ടി, ഇലക്ട്രിക്കൽ വർക്സ്, ഇരിപ്പിടങ്ങൾ കാസ്റ്റ് അയൺ ബഞ്ച് -5 എണ്ണം) , കാന്റി ലിവർ സ്ലാബ്, കനാലിന്റെ കരയിലൂടെയുള്ള നടപ്പാത ഫെൻസിങ്ങ്, RCC സീറ്റിംഗ് 5 എണ്ണം എന്നീ ജോലികൾ ചെയ്യാനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. |
| സി) | പ്രസ്തുത ജോലികൾ എന്നാണ് ആരംഭിച്ചതെന്നും നിലവിൽ ഏതൊക്കെ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഏതൊക്കെ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ; | സി) | 2014 ആഗസ്റ്റ് മാസം നിർമ്മാണം ആരംഭിച്ചു. നടപ്പാതയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഘടകങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. |
| ഡി) | പ്രസ്തുത നിർമ്മാണ ജോലികൾ എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | ഡി) | 2018 ജൂൺ മാസം പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ